(എഫ്)ഇക്കാര്യം മെഡിക്കൽ വിദ്യഭ്യാസ ഡയറക്ടറുടെ പരിശോധിയിലാണ്.

ഡി.ഫാം, ബി.ഫാം വിദ്യാർത്ഥികൾക്ക് ഹോസ്പിറ്റൽ ഫാർമസി, ക്ളിനിക്കൽ ഫാർമസി എന്നീ വിഷയങ്ങളിലെ ക്ളാസ്സുകൾ

165(876)ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡി.ഫാം, ബി.ഫാം വിദ്യാർത്ഥികൾക്ക് ഹോസ്പിറ്റൽ ഫാർമസി, ക്ളിനിക്കൽ ഫാർമസി എന്നീ വിഷയങ്ങളിൽ ക്ളാസ്സുകൾ എടുക്കാനുള്ള ചുമതല ഏതൊക്കെ അദ്ധ്യാപകരെയാണ് ഫാർമസി കോളേജ് ഡയറക്ടർ ഏൽപ്പിച്ചിട്ടുള്ളത്;

(ബി) ഹോസ്പിറ്റൽ ആൻഡ് ക്ളിനിക്കൽ ഫാർമസി വിഭാഗത്തിലെ അദ്ധ്യാപകർ പ്രസ്തുത വിഷയങ്ങളിലെ ക്ളാസ്സുകൾ കൈകാര്യം ചെയ്യാൻ തങ്ങളെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യ വകുപ്പ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് പരാതി നൽകിയിരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൻമേൽ ഇതിനോടകം എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) ഈ വർഷം ഫെബ്രുവരി മാസത്തിൽ ബി.ഫാം, ഡി.ഫാം വിദ്യാർത്ഥികൾക്ക് ഹോസ്പിറ്റൽ ഫാർമസി, ക്ളിനിക്കൽ ഫാർമസി എന്നീ വിഷയങ്ങളിൽ ക്ളാസ്സുകൾ എടുക്കാനുള്ള ചുമതല ക്ളിനിക്കൽ ഫാർമസി വിഭാഗം മേധാവിയെ ഏൽപ്പിക്കണമെന്ന് മെഡിക്കൽ വിദ്യഭ്യാസ ഡയറക്ടർ രേഖാമൂലം ഫാർമസി കോളേജ് മേധാവിക്കും മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനും നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഇതിനോടകം പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) സർക്കാർ ഉത്തരവുകളും മെഡിക്കൽ കോളേജിൽ പിൻതുടർന്നുവന്നിട്ടുള്ള കീഴ്വഴക്കങ്ങളും മറികടന്ന് ഫാർമസി കോളേജിന്റെ ചാർജ്ജുള്ള പ്രൊഫസർ, ഹോസ്പിറ്റൽ ആന്റ് ക്ളീനിക്കൽ ഫാർമസി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർമാർ തുടങ്ങിയവരെ ക്ളാസ്സുകൾ എടുക്കുന്നതിന് അനുവദിക്കുന്നില്ല എന്നകാര്യം ക്ളിനിക്കൽ ഫാർമസി വിഭാഗം മേധാവി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനോടകം എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; സർക്കാർ ഉത്തരവുകളും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശവും അവഗണിച്ച് ഹോസ്പിറ്റൽ ആന്റ് ക്ളിനിക്കൽ ഫാർമസി വിഭാഗത്തിലെ അദ്ധ്യാപകർക്ക് ദ്രോഹകരമായ രീതിയിൽ പ്രവർത്തിക്കുന്ന ഫാർമസി കോളേജ് മേധാവിയുടെ നടപടികളെക്കുറിച്ച് സർക്കാർ അന്വേഷിച്ചു നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫാർമസി കോളേജിൽ ജോലി ചെയ്യുന്ന ഫാർമസി കൗൺസിലിന്റെയും, എ.ഐ.സി.ടി.ഇ. യുടേയും നിബന്ധനകളനുസരിച്ച് യോഗ്യതയുള്ള അദ്ധ്യാപകരെയാണ് ക്ളാസ്സുകളെടുക്കുവാനുള്ള ചുമതല ഏൽപ്പിച്ചിട്ടുള്ളത്.

(ബി)-(ഇ) പരാതി ലഭിച്ചിട്ടുണ്ട്. പരിശോധിച്ചു വരുന്നു.

കേരളത്തിലെ എം.ഫാം കോഴ്സുകൾ

166 (877)ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എം.ഫാം കോഴ്സുകൾ എ.ഐ.സി.ടി.ഇ.യുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണോ; ആണെങ്കിൽ എന്നു മുതൽ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫാർമസി കോളേജിന് എം.ഫാം കോഴ്സുകൾക്കുവേണ്ടി എ.ഐ.സി.ടി.ഇ. യിൽ നിന്ന് ഇതിനോടകം എന്തെങ്കിലും ഗ്രാന്റ് കിട്ടിയിട്ടുണ്ടോ; എങ്കിൽ എന്തു തുക ലഭിച്ചെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള നിയമമനുസരിച്ച് എ.ഐ.സി.ടി.ഇ. യിൽ നിന്ന് ഗ്രാന്റ് ലഭിക്കുവാൻ എം.ഫാം കോഴ്സിന്റെ കാര്യത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്?

ഉത്തരം

(എ) എ.ഐ.സി.ടി.ഇ. യുടെ അംഗീകാരത്തോടെയാണ് കോഴ്സുകൾ നടത്തുന്നത്.

(ബി) ഇല്ല

(സി) കോഴ്സിന്റെ കാര്യത്തിൽ മാറ്റങ്ങളൊന്നും വരുത്തേണ്ടതില്ല എന്ന് തോന്നുന്നു.

ഫാർമസി കോഴ്സുകളുടെ നിയന്ത്രണം

167 (878)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാർമസി കോഴ്സുകളുടെ നിയന്ത്രണം ഇൻഡ്യൻ ഫാർമസി കൗൺസിൽ പൂർണ്ണമായി ഏറ്റെടുക്കുന്നതിന് ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡി.ഫാം കോഴ്സ് ഇല്ലാതാക്കി പകരം ഡി.ഫാം അടിസ്ഥാന യോഗ്യതയായി കൊണ്ടുവരാൻ ഫാർമസി കൗൺസിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതു വർഷം മുതൽ;

(സി) അംഗീകൃത സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും എം.ഫാം കോഴ്സുകൾ ആരംഭിക്കുന്നതിന് ഫാർമസി കൗൺസിലോ, ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷനോ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly